**No. CEE/4900/PGM-2020/TA3**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

# 2020 ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി) കോഴ്സുകളിലേയ്ക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ്

## ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം ലഭ്യമാക്കി

2020-ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി) കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **02.07.2020** ന് ആരംഭിക്കുന്നു. ഇതിലേയ്ക്കായി **02.07.2020** മുതൽ **06.07.2020 രാവിലെ 10.00 മണി** വരെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ/ പുന:ക്രമീകരണം/റദ്ദാക്കൽ എന്നിവയ്ക്കുള്ള സൗകര്യം ലഭ്യമാകുന്നതാണ്.

ആൾ ഇന്ത്യാ ക്വാട്ടയിൽ നിന്നും സംസ്ഥാന ക്വാട്ടയിലേയ്ക്ക് മടക്കി നൽകിയ സീറ്റുകൾ, സർക്കാർ മെഡിക്കൽ കോളേജുകളിലെ ഒഴിവുള്ള സീറ്റുകൾ, തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ ഒഴിവുള്ള സീറ്റുകൾ, സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഒഴിവുള്ള സീറ്റുകൾ എന്നിവയിലേയ്ക്കും ഈ ഘട്ടത്തിൽ അലോട്ട്മെന്റ് നടത്തുന്നതാണ്.

രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ യാതൊരു കാരണവശാലും രണ്ടാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. കൂടാതെ അവരുടെ നിലവിലുള്ള ഓപ്ഷനുകൾ റദ്ദാകുന്നതുമാണ്. ഒന്നാം ഘട്ട അലോട്ട്മെന്റ് വഴി വെർച്വൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളിൽ ആരെങ്കിലും അഡ്മിഷൻ റദ്ദാക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവരവരുടെ ഹോം പേജിലെ 'Cancel Virtual Admission' എന്ന ലിങ്ക് വഴി അവരുടെ അഡ്മിഷൻ റദ്ദ് ചെയ്യാവുന്നതാണ്. അത്തരം വിദ്യാർത്ഥികളുടെ നിലവിലെ അഡ്മിഷനും ഹയർ ഓർഡർ ഓപ്ഷനും നഷ്ടമാകുന്നതായിരിക്കും. എന്നാൽ പുതുതായി ഉൾപ്പെടുത്തിയ കോഴ്സിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷന് പാലിക്കേണ്ട നിബന്ധനകൾ, കോളേജുകൾ, ഫീസ് എന്നിവ സംബന്ധിക്കുന്ന വിശദവിവരം www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഓൺലൈൻ ഓപ്ഷൻ സമർപ്പണം സംബന്ധിച്ച വിജ്ഞാപനം നിർബന്ധമായും വായിച്ചിരിക്കേണ്ടതാണ്.

**ഹെൽപ്പ്ലൈൻ നമ്പർ: 0471 2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
02 .07.2020